# രാഷ്ട്രനിർമാണത്തിൽ സ്ത്രീകളുടെ സംഭാവന മഹത്തരം: ഗവർണർ

കരുനാഗപ്പള്ളി: രാഷ്ട്രനിർമാണത്തിൽ സ്ത്രീകളുടെ സംഭാവനകൾ മഹത്തരമാണെന്നും രാഷ്ട്രവൈഭവത്തിന്റെ പ്രധാനകാരണം സ്ത്രീശക്തിയാണെന്നും ഗവർണർ ഷീലാ ദീക്ഷിത് പറഞ്ഞു. അമൃതപുരിയിൽ അമൃതായൂണിവേഴ്സിറ്റിയുടെ റിസർവ് വിഭാഗമായ അമ്മച്ചി ലാബ്സിന്റെ സ്ത്രീശാക്തീകരണപദ്ധതി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ. സ്ത്രീശാക്തീകരണത്തിന് അമ്മ മഹത്തായ സംഭാവനയാണ് നൽകുന്നത്, അവർ പറഞ്ഞു.

ദാരിദ്ര്യം, സാമൂഹിക അരക്ഷിതാവസ്ഥ, രോഗം, സുരക്ഷ എന്നീ പ്രശ്നങ്ങൾ സ്ത്രീകൾ നേരിടുന്ന ദുരന്തങ്ങളാണെന്ന് അമ്മ പറഞ്ഞു. അതുകൊണ്ടാണ് സ്വന്തം കാലിൽ നിന്ന് ശക്തി നേടുവാൻ ഇത്തരം തൊഴിൽ പരിശീലനങ്ങൾ അവർക്കു നൽകുന്നത്. തുടക്കത്തിൽ കേരളവും തമിഴ്നാടും മാത്രമാണ് ഈ പദ്ധതിയിലുള്ളതെങ്കിലും



അമൃതപുരിയിൽ അമൃതായൂണിവേഴ്സിറ്റിയുടെ റിസർവ് വിഭാഗമായ അമ്മച്ചി ലാബ്സിന്റെ സ്ത്രീശാക്തീകരണപദ്ധതി ആഘോഷപരിപാടികൾ ഗവർണർ. ഷീലാ ദീക്ഷിത് ഉദ്ഘാടനം ചെയ്യുന്നു . മാതാ അമൃതാനന്ദമയിദേവി സമീപം

ഭാവിയിൽ എല്ലാ സംസ്ഥാനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും അമ്മ പറഞ്ഞു.

ഇന്ത്യയിലെ യുഎൻ റസിഡന്റ് കോർഡിനേറ്റർ ലിസെ ഗ്രാന്റ് അഭിസംബോധന ചെയ്തു. അമ്മയുടെ കാരുണ്യപ്രവർത്തനങ്ങളെ യുഎൻ വളരെ ശ്രദ്ധാപൂർവമാണ് വീക്ഷിക്കുന്നതെന്നു പറഞ്ഞ യുഎൻ കോർഡിനേറ്റർ മനുഷ്യത്വത്തിനു മഹനീയസ്ഥാനമാണ് ഭാരതം നൽകുന്നതെന്നും പറഞ്ഞു.

കേരളത്തിലെയും തമിഴ്നാട്ടിലെയും മുപ്പതിനായിരത്തിൽ പരം സ്ത്രീകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചത്. അമൃത യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.വെങ്കട് രംഗൻ ആശംസാപ്രഭാഷണം നടത്തി. പദ്ധതിയുടെ ഭാഗമായി സ്ത്രീകൾ സ്വയം നിർമിച്ചെടുത്ത വ്യത്യസ്ത ഇനങ്ങളിലുള്ള ആഭരണങ്ങളുടെയും അലങ്കാരവസ്തുക്കളുടെയും പ്രദർശനവും വില്പനമേളയും നടന്നു. വ്യത്യസ്ത മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള അവാർഡ്ദാനവും ഗവർണർ നിർവഹിച്ചു. കുഞ്ചാക്കോ ബോബൻ പരിപാടിയിൽ പങ്കെടുത്തു.

സ്ത്രീശാക്തീകരണ പരിപാടി അമ്മച്ചി ലാബ്സ് ഡയറക്ടർ പരിചയപ്പെടുത്തി. എം ഫോർ എന്ന പുസ്തകത്തിന്റെ പ്രകാശനചടങ്ങും ഗവർണർ നിർവഹിച്ചു. ക്രിസ്റ്റഫർ കൊലാല നന്ദി പറഞ്ഞു.